No/450/2022/SRG/LSGD(CC)(6)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.11.2022 ന നടന്ന യോഗത്തിന്റെ നടപടികുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സെക്രട്ടറിയേറ്റ് അനക്സ് II വിലെ ലയം ഹാളിൽ ആരംഭിച്ചു. തദ്ദേശസ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

1. <u>പദ്ധതി അവലോകനം</u>

<u>തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2022-23-ലെ വാർഷിക പദ്ധതി പുരോഗതി അവലോകനം</u>

22.11.2022 വരെയുള്ള ആകെ പദ്ധതി ചെലവ് 19.28 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 19.95 ശതമാനം വരും. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് ആലപ്പുഴ ജില്ലയിലും (23.42 ശതമാനം) ഏറ്റവും കുറവ് എറണാകുളം ജില്ലയിലുമാണ് (16.29ശതമാനം). 55.15 കോടി രൂപയുടെ 2647 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 70.21 കോടി രൂപയുടെ 3828 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ജനറൽ | SCP | TSP | CFC | | Total |
|---|---|---|---|---|---|---|---|
| | | | | | UnTied | Tied | |
| 1 | ഗ്രാമ പഞ്ചായത്ത് | 21.35 | 19.51 | 24.75 | 17.49 | 21.21 | 20.73 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 18.81 | 19.99 | 29.90 | 11.09 | 20.33 | 19.10 |
| 3 | ജില്ലാ പഞ്ചായത്ത് | 14.01 | 16.36 | 21.45 | 18.24 | 17.01 | 15.61 |
| 4 | മുനിസിപ്പാലിറ്റി | 24.61 | 14.60 | 14.26 | 16.88 | 9.87 | 20.06 |
| 5 | കോർപ്പറേഷൻ | 19.66 | 12.98 | 0.38 | - | 9.87 | 18.64 |
| 6 | ആകെ | 20.35 | 18.14 | 23.98 | 16.69 | 17.63 | 19.28 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | |
|---|---|---|
| 1 | ആലപ്പുഴ | 23.42 |
| 2 | വയനാട് | 22.18 |
| 3 | കൊല്ലം | 21.84 |
| 4 | പാലക്കാട് | 21.52 |
| 5 | തൃശ്ശൂർ | 20.69 |
| 6 | കോഴിക്കോട് | 19.50 |
| 7 | മലപ്പുറം | 18.96 |

| | | |
|---|---|---|
| 8 | തിരുവനന്തപുരം | 18.78 |
| 9 | കണ്ണൂർ | 17.61 |
| 10 | ഇടുക്കി | 17.30 |
| 11 | കാസർകോഡ് | 16.97 |
| 12 | പത്തനംതിട്ട | 16.47 |
| 13 | കോട്ടയം | 16.45 |
| 14 | എറണാകുളം | 16.29 |

**പുതിയ പ്രോജക്റ്റുകളുടേയും സ്പിൽ ഓവർ പ്രോജക്റ്റുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.**

| **തദ്ദേശഭരണ സ്ഥാപനം** | **പദ്ധതി ചെലവ് (ശതമാനം)** | | |
|---|---|---|---|
| | **പുതിയ പ്രോജക്റ്റ്** | **സ്പിൽ ഓവർ പ്രോജക്റ്റ്** | **ആകെ** |
| ഗ്രാമപഞ്ചായത്ത് | 13.38 | 7.35 | 20.73 |
| ബ്ലോക്ക് പഞ്ചായത്ത് | 12.68 | 6.42 | 19.10 |
| ജില്ലാ പഞ്ചായത്ത് | 8.83 | 6.78 | 15.61 |
| മുനിസിപ്പാലിറ്റി | 10.53 | 9.53 | 20.06 |
| കോർപ്പറേഷൻ | 10.44 | 8.19 | 18.64 |
| നഗരസഞ്ചയം | 4.65 | 5.78 | 10.43 |
| **ആകെ** | **12.03** | **7.25** | **19.28** |

**മുൻ വർഷങ്ങളിൽ ഒക്ടോബർ 31 വരെയുള്ള പദ്ധതി ചെലവ് (ശതമാനം)**

| | **ഒക്ടോബർ 31** |
|---|---|
| **2014-15** | 15.30 |
| **2015-16** | 15.09 |
| **2016-17** | 5.08 |
| **2017-18** | 26.99 |
| **2018-19** | 37.18 |
| **2019-20** | 29.47 |
| **2020-21** | 37.30 |
| **2021-22** | 21.35 |
| **2022-23** | 19.28 (As on 22.11.2022) |

**വകുപ്പുതലം/ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവിന്റെ വിവരം (ക്യാരി ഓവർ വിഹിതം ഉൾപ്പെടെ)**

| **ക്രമ നമ്പർ** | **വകുപ്പ് തല / നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്** | **വകയിരുത്തൽ (തുക ലക്ഷം)** | **ചെലവ് (തുക ലക്ഷം)** | **ശതമാനം** |
|---|---|---|---|---|
| 1 | ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് | 174.76 | 3.42 | 1.96 |
| 2 | വ്യവസായം | 7,386.54 | 245.32 | 3.32 |
| 3 | ക്ഷീരവികസനം | 9,646.63 | 360.24 | 3.73 |
| 4 | മണ്ണ്-ജല സംരക്ഷണം | 2,283.09 | 107.89 | 4.73 |
| 5 | മൃഗസംരക്ഷണം | 27,258.71 | 2,036.55 | 7.47 |
| 6 | പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റുകൾ | 1,783.13 | 157.76 | 8.85 |
| 7 | കൃഷി | 39,107.85 | 3,846.65 | 9.84 |
| 8 | തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം | 3,28,845.69 | 33,129.74 | 10.07 |
| 9 | ഫിഷറീസ് | 3,610.42 | 365.10 | 10.11 |

| | | | | |
|---|---|---|---|---|
| 10 | പട്ടികജാതി വികസന ഓഫീസിലെ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾ | 18,194.29 | 2,380.01 | 13.08 |
| 11 | നഗരസഭകളിലെ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾ | 1,03,043.39 | 15,454.35 | 15 |
| 12 | ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾ | 1,06,395.53 | 17,311.78 | 16.27 |
| 13 | ഗ്രാമവികസനവകുപ്പിലെ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾ | 1,61,920.51 | 34,267.90 | 21.16 |
| 14 | വിദ്യാഭ്യാസം | 17,607.33 | 5,021.94 | 28.52 |
| 15 | ആയുർവേദം | 1,843.60 | 565.45 | 30.67 |
| 16 | ഹോമിയോ | 212.42 | 65.88 | 31.01 |
| 17 | സാമൂഹ്യനീതിയും വനിതാശിശുവികസനവും | 65,308.40 | 20,927.00 | 32.04 |
| 18 | ആരോഗ്യം | 24,282.25 | 8,256.70 | 34 |
| 19 | സിദ്ധ | 9.13 | 5.50 | 60.24 |
| | **ആകെ** | **9,18,913.67** | **1,44,509.18** | **15.73** |

**1.1)** ഓരോ മേഖലയിലേയും/വകുപ്പ ഉദ്യോഗസ്ഥന്മാർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളുടെ ചെലവ് യോഗം പ്രത്യേകം വിലയിരുത്തി. തദ്ദേശഭരണസ്ഥാപന തലത്തിൽ ഇടപെടൽ നടത്തുന്നതോടൊപ്പം അതത് വകുപ്പിന്റെ മേധാവികളും പദ്ധതി നിർവ്വഹണത്തിൽ ഇടപെട്ടാൽ മാത്രമേ പദ്ധതി നിർവ്വഹണം കാര്യക്ഷമമാകു എന്നു യോഗം വിലയിരുത്തി. അതിനാൽ മുകളിൽ പറഞ്ഞ മേധാവികളുടെ യോഗം ഡിസംബർ ആദ്യവാരം വിളിക്കാൻ തീരുമാനിച്ചു. തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഇതിനാവശ്യമായ നടപടി പ്രത്യേകം ശ്രദ്ധ നൽകി സ്വീകരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**1.2)** തദ്ദേശഭരണസ്ഥാപനങ്ങൾക്ക് 2022-23 വർഷത്തെ വികസനഫണ്ട് പുതുക്കി നിശ്ചയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഭേദഗതി ചെയ്ത് അന്തിമമാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. 2022 നവംബർ 17-നകം ഈ നടപടി പൂർത്തിയാക്കണമെന്നാണ് നിർദ്ദേശം നൽകിയിരുന്നതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് സമയപരിധി നവംബർ 25 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതിനകം 1135 തദ്ദേശഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിച്ചിട്ടുണ്ട്. ഇനിയും 47 ഗ്രാമപഞ്ചായത്തുകളും 8 ബ്ലോക്ക് പഞ്ചായത്തുകളും ഒരു ജില്ലാ പഞ്ചായത്തും 8 മുനിസിപ്പാലിറ്റികളും ഒരു കോർപ്പറേഷനുമടക്കം 65 തദ്ദേശഭരണ സ്ഥാപനങ്ങളാണ് വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാനുള്ളത്. ഈ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളുമായി പഞ്ചായത്ത്

ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ പ്രത്യേമായി ബന്ധപ്പെട്ട് അന്തിമ പദ്ധതി നവംബർ 25-നകം സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

**നടപടി:- 1)പഞ്ചായത്ത് ഡയറക്ടർ**
**2)നഗരകാര്യഡയറക്ടർ**
**3)ഗ്രാമവികസന കമ്മീഷണർ**
**4)തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

**2022-23 വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങൾ**

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് | ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | കല്ലറ ഗ്രാമപഞ്ചായത്ത് | 34 | പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് |
| 2 | കരുംകുളം ഗ്രാമപഞ്ചായത്ത് | 35 | ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് |
| 3 | പഴയകുന്നുമേൽ ഗ്രാമപഞ്ചായത്ത് | 36 | കുതന്നൂർ ഗ്രാമപഞ്ചായത്ത് |
| 4 | പനയം ഗ്രാമപഞ്ചായത്ത് | 37 | നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| 5 | പൂതക്കുളം ഗ്രാമപഞ്ചായത്ത് | 38 | പുളളർ ഗ്രാമപഞ്ചായത്ത് |
| 6 | കടപ്ര ഗ്രാമപഞ്ചായത്ത് | 39 | തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് |
| 7 | കൊടുമൺ ഗ്രാമപഞ്ചായത്ത് | 40 | ചുങ്കത്തറ ഗ്രാമപഞ്ചായത്ത് |
| 8 | കുറ്റൂർ ഗ്രാമപഞ്ചായത്ത് | 41 | ഇടക്കര ഗ്രാമപഞ്ചായത്ത് |
| 9 | നെടുമ്പുറം ഗ്രാമപഞ്ചായത്ത് | 42 | വഴിക്കടവ് ഗ്രാമപഞ്ചായത്ത് |
| 10 | നിരണം ഗ്രാമപഞ്ചായത്ത് | 43 | പൂതാടിഗ്രാമപഞ്ചായത്ത് |
| 11 | പെരിങ്ങറ ഗ്രാമപഞ്ചായത്ത് | 44 | മംഗൽപ്പാടിഗ്രാമപഞ്ചായത്ത് |
| 12 | അമ്പലപ്പുഴ സൗത്ത് ഗ്രാമപഞ്ചായത്ത് | 45 | പട്നഗ്രാമപഞ്ചായത്ത് |
| 13 | എഴുപുന്ന ഗ്രാമപഞ്ചായത്ത് | 46 | പറളിഗ്രാമപഞ്ചായത്ത് |
| 14 | കാർത്തികപള്ളി ഗ്രാമപഞ്ചായത്ത് | 47 | ചേലക്കരഗ്രാമപഞ്ചായത്ത് |
| 15 | കുമാരപുരം ഗ്രാമപഞ്ചായത്ത് | 48 | പുളിക്കീഴ്ബ്ലോക്ക് പഞ്ചായത്ത് |
| 16 | മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്ത് | 49 | പള്ളം ബ്ലോക്ക് പഞ്ചായത്ത് |
| 17 | മുതുകുളം ഗ്രാമപഞ്ചായത്ത് | 50 | പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| 18 | പാണ്ടനാട് ഗ്രാമപഞ്ചായത്ത് | 51 | വടുവക്കോട് ബ്ലോക്ക് പഞ്ചായത്ത് |
| 19 | വീയ്യപുരം ഗ്രാമപഞ്ചായത്ത് | 52 | അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് |
| 20 | അതിരമ്പുഴ ഗ്രാമപഞ്ചായത്ത് | 53 | പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് |
| 21 | ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് | 54 | മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് |
| 22 | പാറത്തോട് ഗ്രാമപഞ്ചായത്ത് | 55 | നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് |
| 23 | വെച്ചൂർ ഗ്രാമപഞ്ചായത്ത് | 56 | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് |
| 24 | അറക്കുളംഗ്രാമപഞ്ചായത്ത് | 57 | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി |
| 25 | ഇടുക്കി, കഞ്ഞിക്കുഴിഗ്രാമപഞ്ചായത്ത് | 58 | വർക്കല മുനിസിപ്പാലിറ്റി |
| 26 | കരുണാപുരംഗ്രാമപഞ്ചായത്ത് | 59 | ആലപ്പുഴ മുനിസിപ്പാലിറ്റി |
| 27 | കട്ടങ്ങല്ലൂർഗ്രാമപഞ്ചായത്ത് | 60 | കോട്ടയം മുനിസിപ്പാലിറ്റി |
| 28 | കീരംപാറഗ്രാമപഞ്ചായത്ത് | 61 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റി |
| 29 | കുന്നത്തുനാട്ഗ്രാമപഞ്ചായത്ത് | 62 | മഞ്ചേരി മുനിസിപ്പാലിറ്റി |
| 30 | മഴുവന്നൂർഗ്രാമപഞ്ചായത്ത് | 63 | തലശ്ശേരി മുനിസിപ്പാലിറ്റി |
| 31 | പൂത്തൃക്കഗ്രാമപഞ്ചായത്ത് | 64 | പാലക്കാട് മുനിസിപ്പാലിറ്റി |
| 32 | അവന്നൂർഗ്രാമപഞ്ചായത്ത് | 65 | തിരുവനന്തപുരം കോർപ്പറേഷൻ |
| 33 | ദേശമംഗലംഗ്രാമപഞ്ചായത്ത് | | |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1 ഖണ്ഡിക 4.4**

**ഗോത്ര സാരഥി**

**പഞ്ചായത്ത് ഡയറക്ടറുടെ 07.07.2022 ലെ PAN / 21113/2018 – J1 (DP)** നമ്പർ കത്ത് **(SRG 664/22).**

പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാലയത്തിൽ പോകാൻ സൗകര്യം ഒരുക്കുന്നതിനുള്ളതാണ് ഗോത്രസാരഥി പദ്ധതി. ഇത് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയാണ് നടത്തിയിരുന്നത്. എന്നാൽ 2020-21 മുതൽ തദ്ദേശഭരണസ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും കൂടി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്. റ്റി.എസ്.പി വിഹിതം കുറവായതിനാൽ പലപ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഗോത്രസാരഥി പദ്ധതിയ്ക്കാവശ്യമായ തുകയുടെ 50 ശതമാനമെങ്കിലും പട്ടികവർഗ്ഗ വികസന വകുപ്പ് മാറ്റി വയ്ക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികവർഗ്ഗ വികസനവകുപ്പ് മാറ്റി വച്ചിരിക്കുന്ന ശീർഷകത്തിൽ നിന്ന് ഗോത്രസാരഥി പദ്ധതിക്കായി തുക മാറ്റിവയ്ക്കാമെന്നും ഇതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്കയച്ചിട്ടുണ്ടെന്നും പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ പ്രതിനിധി 21.08.2022 ലെ യോഗത്തിൽ അറിയിച്ചു.

ഓരോ തദ്ദേശഭരണസ്ഥാപനത്തിലും ഇത്തരത്തിലുള്ള പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഗുണഭോക്തൃലിസ്റ്റ് TDO/TEO യും തദ്ദേശഭരണസ്ഥാപനത്തിലെ റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനും സംയുക്തമായി പരിശോധിച്ച് അന്തിമമാക്കണം. ഇതനുസരിച്ച് ആവശ്യമായ തുക പട്ടികവർഗ്ഗ വികസന ഡയറക്ടർ വിഹിതം TDO മാർക്ക് കൈമാറണം. ഇങ്ങനെ കൈമാറി ലഭിക്കുന്ന തുക ആവശ്യമായ തുകയേക്കാൾ കുറവാണെങ്കിൽ കുറവ് എത്രയാണെന്നു കണക്കാക്കി ആ വിഹിതം ഗോത്രസാരഥി പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് അതതു തദ്ദേശഭരണസ്ഥാപനം വകയിരുത്തണം. ഇതിനാവശ്യമായ നിർദ്ദേശം പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകണം. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടിയിന്മേൽ റിപ്പോർട്ടു നൽകാൻ പട്ടികവർഗ്ഗ വികസന ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം ഡയറക്ടറുടെ പ്രതിനിധി താഴെപ്പറയും പ്രകാരം 22.11.2022 ലെ യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

ഗോത്രസാരഥി പദ്ധതിയ്ക്കായി ആകെ 28.00 കോടി രൂപയാണ് ആവശ്യം. 13.00 കോടി രൂപ പട്ടികവർഗ്ഗവികസന വകുപ്പിന്റെ കൈവശം ബാക്കിയുണ്ട്. ഇതിൽനിന്നും 12.45 കോടി രൂപ ഗോത്രസാരഥി പദ്ധതിയ്ക്കായി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് കൈമാറാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**22.11.2022 ലെ തീരുമാനം:-** ഗോത്രസാരഥി സുഗമമായി നടത്തുന്നതിന് ഈ തുക ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകാനുള്ള നടപടി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കണം. കുറവുള്ള തുക തദ്ദേശഭരണസ്ഥാപനം വകയിരുത്തണം. പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള പ്രദേശങ്ങളിൽ അതനുസരിച്ച് അധിക വിഹിതം നൽകാനും പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർ നടപടി സ്വീകരിക്കണം.

**നടപടി:- 1)ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.1 ഖണ്ഡിക 4.24**

**നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്**

**പഞ്ചായത്ത് ഡയറക്ടറുടെ 13.07.2022 ലെ** PAN/10333/2022-J2(DP) **നമ്പർ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2022 ലെ** A4-595/2021-**ലെ കത്തും നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.02.2022 ലെ 6/4, 24.03.2022 ലെ 9/1- എന്നീ നമ്പറായുള്ള തീരുമാനങ്ങളും അനുബന്ധരേഖകളും (SRG 687/22)**

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് **2021-**22 വർഷം പട്ടികവർഗ്ഗ വിഭാഗത്തിലെ 90 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് പ്രോജക്ട് എടുത്തിരുന്നു. 6.00 ലക്ഷം രൂപ വീതമാണ് നൽകുന്നത്. ഇതിനായി ആകെ 5.40 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ പുല്ലുകാട് കോളനി പ്രദേശത്തുള്ള ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും ഒരേക്കർ വീതം ഭൂമി സർക്കാർ നൽകിയിട്ടുണ്ട്. ഈ സ്ഥലത്താണ് വീട് നിർമ്മിച്ചു നൽകുന്നത്. ഈ വീടുകൾ നിർമ്മിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് മരുതംകുഴി, തിരുവനന്തപുരം എന്ന ഏജൻസിയെ ചുമതലപ്പെടുത്തി. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വീടുകളുടെ ഗുണഭോക്തൃസമിതി പ്രസിഡന്റ്, ഏജൻസിയുടെ ഡയറക്ടർ എന്നിവരുമായി 25.03.2022 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടു. കൂടാതെ ഭവനനിർമ്മാണത്തിന്റെ ആദ്യഗഡുവെന്ന നിലയിൽ 1,07,28,229 രൂപ ഏജൻസിക്കു കൈമാറി (റ്റി.എസ്.പി വിഹിതം 3,21,000 രൂപയും വികസനഫണ്ട് 1,04,07,229 രൂപയും). സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പ് ലൈഫ് പദ്ധതിക്കുള്ള തുക നഷ്ടപ്പെടാതിരിക്കാനാണ് 24.03.2022 ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം തുക കൈമാറിയതെന്നറിയിച്ചുകൊണ്ട് ഇതിന് സാധൂകരണം നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

ഇത് പരിശോധിച്ചു ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകണമെന്ന് 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ച പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 15.10.2022 ലെ യോഗത്തിൽ റിപ്പോർട്ട് നൽകി.

**15.10.2022 ലെ റിപ്പോർട്ട് :-** ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട 31.07.2017 ലെ 151/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈഫ് പദ്ധതിയിൽ വ്യക്തിഗത ഭവന നിർമ്മാണം സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു വാർഡിലേയോ/ ഒരു

തദ്ദേശസ്വയം ഭരണസ്ഥാപനത്തിലേയോ ഏറ്റവും ദരിദ്രരായ ഭവനരഹിതർക്ക്, അവർക്ക് മാത്രമായി ഭവനം നിർമ്മിക്കാൻ കഴിയുന്നില്ലായെങ്കിൽ ഭവന നിർമ്മാണം, പൂർണ്ണമായി ലാഭേച്ഛയില്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന സംഘടനാ / സ്ഥാപനങ്ങൾ എന്നിവരെ ഏൽപ്പിക്കാവുന്നതാണ്. അത്തരക്കാരെ കണ്ടെത്തി അവരെ ഏൽപ്പിക്കുന്നതിന്റെ പൂർണ്ണ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനായിരിക്കുന്നതാണ്. ഇത്തരത്തിലുള്ള സ്ഥാപനത്തിന്റെ യോഗ്യതയേയും വിശ്വാസ്യതയേയും സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സംശയമില്ലാത്ത പക്ഷം ബന്ധപ്പെട്ട ഗുണഭോക്താവിന് നൽകേണ്ട തുക തദ്ദേശസ്വംയഭരണ സ്ഥാപനത്തിൽ നിന്ന് പ്രസ്തുത സ്ഥാപനത്തിന് കൈമാറാവുന്നതാണ്. ആയതിന് ബന്ധപ്പെട്ട ഗുണഭോക്താവിന്റെ സമ്മതം തദ്ദേശസ്വയംഭരണ സ്ഥാപനം നേടിയിരിക്കേണ്ടതാണ്. ആവശ്യമാകുന്ന പക്ഷം ധനസഹായത്തിന്റെ 50% തുക മുൻകൂറായി ഇത്തരത്തിലുള്ള നിർവ്വഹണ ഏജൻസിക്ക് നൽകാവുന്നതും, ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപനം കരാർ ഉണ്ടാക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർമാരുടെ മേൽനോട്ടം നിർമ്മാണഘട്ടത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.

കൂടാതെ ലൈഫ് മിഷൻ  പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് 16.03.2018 ലെ സർക്കാർ പുറപ്പെടുവിച്ച 34/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (ഖണ്ഡിക 9) നേരിട്ടുള്ള നിർമ്മാണവും ഏജൻസി മുഖേനയുള്ള നിർവ്വഹണ രീതിയും അവലംബിക്കാവുന്നതാണ് എന്ന് പ്രതിപാദിച്ചിട്ടുണ്ട്.

ഇതനുസരിച്ച് നേരിട്ട് ഭവനനിർമ്മാണം നടത്തുവാൻ കഴിയാത്തവർക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനം കണ്ടെത്തുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള ഏജൻസികൾ/ കരാറുകാർ എന്നിവർ മുഖേന, ഗുണഭോക്താക്കളുടെ സമ്മതത്തോടെ ഭവനനിർമ്മാണം നടത്താവുന്നതാണ്. ഇതിലേക്കായി കുടുംബശ്രീ മുഖേന വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കിയ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ, സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾ, പട്ടിക വർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ എന്നിവരെ അംഗീകൃത ഏജൻസിയായി പരിഗണിച്ച് ഇത്തരം വീടുകളുടെ ഭവന നിർമ്മാണ  ചുമതല നൽകാവുന്നതാണെന്നും ഇതിനായി സി.പി. ഒഴിവാക്കി ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഏജൻസി മുഖേന ചെയ്യുമ്പോൾ ഗുണഭോക്താവും ഏജൻസി/ കരാറുകാരനും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതും തുക കരാറുകാരന് 4 ഘട്ടങ്ങളായി നൽകാവുന്നതുമാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിനായി കണ്ടെത്തിയ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന സ്ഥാപനം മുകളിൽ പറഞ്ഞ ഉത്തരവുകൾ പ്രകാരം അംഗീകരിച്ച മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിട്ടുള്ള തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണോയെന്നും ഈ മാർഗ്ഗരേഖയിലെ

നിർദ്ദേശങ്ങൾ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട് എന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

**<u>15.10.2022 ലെ തീരുമാനം</u>** :- ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്ത പ്രകാരം റിപ്പോർട്ടിൽ പരാമർശിക്കുന്ന 31.07.2017, 16.03.2018 എന്നീ തീയതികളിലെ ഉത്തരവു പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണോ തുക ഡിപ്പോസിറ്റ് ചെയ്തതെന്നും നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ എന്നതുമടക്കമുള്ള വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 22.11.2022 ലെ യോഗത്തിൽ റിപ്പോർട്ട് നൽകി.

**22.11.2022 ലെ റിപ്പോർട്ട്:-** നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ ലൈഫ് ഭവനപദ്ധതിയിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 90 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസി മുഖാന്തിരം നടത്തുന്നതിന് നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.03.32022 ലെ 9(1) നമ്പർ തീരുമാന പ്രകാരം ഈ ഏജൻസിയുടെ ഡയറക്ടർ, പുല്ലുകാട് ഊരുവികസന സമിതി പ്രസിഡന്റ്, നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ ചേർന്ന് 25.03.2022 ന് ഒരു ത്രികക്ഷി കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ കരാർ വ്യവസ്ഥയിലെ ക്ലോസ് 15-ആയി 10% of the project cost, the agreed agency charges to the implementing agency for executing the project is included in the total project cost shall be credited to the account of implementing agency എന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് 31.07.2017-ലെ സ.ഉ(എം.എസ്) 151/2017/തസ്വഭവ നമ്പർ ഉത്തരവിലേയും, 16.03.2018 ലെ സ.ഉ(കൈ)34/2018/തസ്വഭവ നമ്പർ ഉത്തരവിലേയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മാത്രവുമല്ല ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്ത് നിർവഹണം നടത്തുന്നതിന് സർക്കാരിന്റെ 06.01.2022 ലെ സ.ഉ(സാധാ) 26/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന ഏജൻസിക്ക് സർക്കാർ അനുമതി നൽകിയിട്ടില്ലാത്തതുമാണ്. ഏജൻസി ഒരു കമ്മ്യൂണിറ്റി ഓർഗനൈസേഷൻ എന്ന നിലയിൽ ലാഭേച്ഛ കൂടാതെ സാമൂഹ്യ പ്രതിബദ്ധതയോടുകൂടി പുല്ലുകാട് കോളനി പ്രദേശത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭവനനിർമ്മാണം ഏറ്റെടുക്കുമെങ്കിൽ മാത്രമേ ആയത് അനുവദിക്കാൻ കഴിയുകയുള്ളൂ. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് എന്ന സ്ഥാപനത്തിന് ഭവനനിർമ്മാണത്തിന്റെ ആദ്യ ഗഡു നൽകിയെങ്കിലും പദ്ധതി പ്രദേശത്ത് യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയില്ലായെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിനോടൊപ്പം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് (ISA) ഡയറക്ടർ നൽകിയ കത്തും യോഗം പരിശോധിച്ച് താഴെ പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം :-** നിലവിലെ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റിന് തുക കൈമാറിയതെന്ന് യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സൊസൈറ്റൽ അഡ്വാൻസ്മെന്റ് കൈപ്പറ്റിയ തുക ഗ്രാമപഞ്ചായത്തിന് തിരികെ നൽകാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ നടപടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ)വകുപ്പ്**

**2.1 ഖണ്ഡിക 4.31**

**പഞ്ചായത്ത് ഡയറക്ടർ**

**പഞ്ചായത്ത് ഡയറക്ടറുടെ 10.08.2022 ലെ PAN /23922/18/J2/DD നമ്പർ കത്തും അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയും**

43 ഗ്രാമപഞ്ചായത്തുകൾക്കായി വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ലഭിച്ചിട്ടുള്ള 6,80,40,988/- രൂപ വിവിധ ബാങ്കുകളിലായി ചെലവഴിക്കാതെ കിടപ്പുണ്ട്. (ഓരോ ഗ്രാമപഞ്ചായത്തുകളുടെയും വിവരം 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ മിനിറ്റ്സിൽ ഉണ്ട്) ഇ.എം.എസ് ഭവനപദ്ധതി, എം.എൻ ലക്ഷം വീട്ടു പദ്ധതി, പി.എം.എ.വൈ, ജനകീയ ഭവനപദ്ധതി, സംസ്ഥാന സർക്കാർ പ്രത്യേകമായി നൽകിയ ഭവന നിർമ്മാണ ധനസഹായം മുതലായവയിൽ ചെലവഴിക്കാതെ കിടക്കുന്നതാണ് ഈ വിഹിതം. ഓരോ ഗ്രാമപഞ്ചായത്തിലും ഇപ്രകാരം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയടക്കമുള്ള വിവരങ്ങൾ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്തു ഡയറക്ടർ നൽകിയിരുന്നു. ഈ തുക ലൈഫ് ഭവനപദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

പഞ്ചായത്തു ഡയറക്ടർ നൽകിയ 43 തദ്ദേശഭരണസ്ഥാപനങ്ങളുടെ ലിസ്റ്റിൽ വട്ടവടഗ്രാമപഞ്ചായത്തു ഒഴികെയുള്ള 42 തദ്ദേശഭരണ സ്ഥാപനങ്ങളിലെ ചെലവഴിക്കാതെ കിടക്കുന്ന വിഹിതം ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗിക്കാൻ 21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകിയിരുന്നു.

വട്ടവട ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പ് നൽകിയ 2.24 കോടി രൂപ ചെലവഴിക്കാതെയുണ്ട്. ആകെ 3.24 കോടി രൂപയാണ് വീട്ടു നിർമ്മാണത്തിന് പട്ടികജാതി വികസന വകുപ്പ് നൽകിയതെന്നും ഇതിൽ 1.00 കോടി രൂപ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പിനു കൈമാറിയിട്ടുണ്ടെന്നും യോഗം നിരീക്ഷിച്ചു. ഇതിന്റെ ഇപ്പോഴത്തെ അവസ്ഥയടക്കം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ 21.08.2022 കോഓർഡിനേഷൻ കമ്മിറ്റിയോഗം ചുമതലപ്പെടുത്തിയിരുന്നു.

ഈ വിഷയം ചർച്ച ചെയ്യാൻ 20.10.2022 ന് ഇടുക്കി ജില്ലാകളക്ടർ യോഗം വിളിച്ചിരുന്നുവെന്നും തുടർന്ന് 24.11.2022 ന വീണ്ടും ജില്ലാ കളക്ടർ യോഗം വിളിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ 22.11.2022 ലെ യോഗത്തിൽ അറിയിച്ചു. ഈ യോഗത്തിന്റെ കൂടി അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കും.

**നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

**<u>2.1 ഖണ്ഡിക 4.66</u>**

**<u>കോട്ടയം ജില്ലാ പഞ്ചായത്ത്</u>**

**കോട്ടയം ജില്ലാ കളക്ടറുടെ 31.05.2022 ലെ 82898/22/DPC/DPO/KTM നമ്പർ കത്തും IRTC ഡയറക്ടറുടെ 28.05.2022 ലെ കത്തും 27.07.2015- ലെ 2303/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവും (SRG 679/22)**

കോട്ടയം ജില്ലയുടെ മലയോര പ്രദേശത്തെ 19 ഗ്രാമപഞ്ചായത്തുകളിൽ ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മുഖ്യ നിർവ്വഹണ ഏജൻസിയായി സംയുക്തമായാണ് പ്രോജക്ട നടപ്പാക്കുന്നത്. വകയിരുത്തൽ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് (19) | 20,90,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് (5) | 12,70,000 രൂപ |
| ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | 2,50,000 രൂപ |
| ജില്ലാ പഞ്ചായത്ത് | 10,00,000 രൂപ |
| **ആകെ** | **46,10,000 രൂപ** |

ഇരുപത് ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ ജില്ലാ പഞ്ചായത്തിൽ സ്ഥാപിക്കുന്ന സെർവർ വഴി ക്രോഡീകരിച്ച് ദുരന്ത നിവാരണ അതോറ്റിക്കും, തദ്ദേശഭരണസ്ഥാപനങ്ങൾക്കും, ജനങ്ങൾക്കും തത്സമയം അറിയുവാൻ സാധിക്കുന്ന ഒരു നെറ്റ് വർക്ക് സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് പാലക്കാട് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (**IRTC**) എന്ന സ്ഥാപനം വഴിയാണ് നടപ്പാക്കുന്നത്. ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഡേറ്റ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനുമുള്ള സാങ്കേതിക വൈദഗ്ധ്യവും ശേഷിയും ഉണ്ടെന്നും 'നീർത്തട വികസനപ്രവർത്തനത്തിന്' സർക്കാർ അക്രഡിറ്റേഷൻ ഉണ്ടെന്നും **IRTC** ജില്ലാ ആസൂത്രണ സമിതിയെ അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് **IRTC** മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**21.08.2022 ലെ തീരുമാനം :-** വെതർസ്റ്റേഷനിൽ സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ മെയിന്റനൻസ്, ഒപ്പം വെതർസ്റ്റേഷന്റെ ദൈനംദിന പരിപാലനം എങ്ങനെയാണ് എന്നു തുടങ്ങിയ കാര്യങ്ങൾ വ്യക്തമല്ല. ഈ സാഹചര്യത്തിൽ **KSDMA** മെമ്പർ സെക്രട്ടറിയുടെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു. നിർവ്വഹണം ഏത് ഏജൻസിയെ ഏൽപ്പിക്കണം, **Indian Metrological Department**ന് ശേഖരിക്കുന്ന വിവരങ്ങൾ എങ്ങനെ കൈമാറും എന്നതടക്കമുള്ളവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ **KSDMA** യെ ചുമതലപ്പെടുത്തി.

21.08.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമനുസരിച്ച് **KSDMA** മെമ്പർ സെക്രട്ടറി വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങളും മറ്റ വിശദാംശങ്ങളും 15.10.2022 ലെ യോഗത്തിൽ അവതരിപ്പിക്കുകയും ഇതു വിശദമായ റിപ്പോർട്ട് ആയി 22.11.2022 ലെ യോഗത്തിൽ നൽകുകയും ചെയ്തു.

**<u>റിപ്പോർട്ട്</u>:- (i)** ഓട്ടോമാറ്റിക് കാലാവസ്ഥ നിരീക്ഷണ സംവിധാനങ്ങൾ സ്ഥിരം പരിപാലനം ആവശ്യമുള്ള ഉപകരണങ്ങൾ ആണ്. ഇവ തുടർച്ചയായി നിലനിർത്തുവാൻ സാങ്കേതിക വൈഭവം ഉള്ള ഒരു ശ്രേണി ആവശ്യമാണ്.

**(ii)** പ്രോജക്ട് മോഡിൽ ഉപകരണങ്ങൾ സ്ഥാപിച്ചാൽ, പ്രോജക്ട് കാലാവധി കഴിയുമ്പോൾ ഇവയുടെ പരിപാലനം, വിവരശേഖരണം (ഇന്റർനെറ്റ് ചെലവുകൾ) പുതിയ ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിവ സാധ്യമാകാതെ വരും. തദ്ദേശസ്ഥാപനതലത്തിൽ നോൺ-പ്ലാൻ വകയിരുത്തൽ ഇത്തരം നിരീക്ഷണ സംവിധാനങ്ങൾക്കായി ലഭ്യമാകുമോ എന്നത് സർക്കാർ തലത്തിൽ പരിശോധിക്കേണ്ട വിഷയം ആണ്. നോൺ-പ്ലാൻ ലഭിച്ചില്ലെങ്കിൽ തുടർ പരിപാലനം സാദ്ധ്യമാകാതെ വന്നേക്കും. ആയതിനാൽ ഓട്ടോമാറ്റിക് കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ തദ്ദേശസ്ഥാപനങ്ങളോ കേരളത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളോ (ജല വിഭവ വകുപ്പ് അല്ലാതെ) നേരിട്ട് സ്ഥാപിച്ച് പരിപാലിക്കുന്നത് ഉചിതമാകില്ല. സ്വകാര്യ സ്ഥാപനങ്ങളെ കൊണ്ട് ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ സ്ഥാപിച്ച് **Data as a Service** മോഡലിൽ വിവരം ലഭ്യമാക്കുന്നതാണ് ഏറ്റവും ഉചിതം. **Data as a Service** മോഡൽ ആകുമ്പോൾ ഉപകരണം സ്ഥാപിക്കുന്ന ചെലവ്, പരിപാലന ചുമതല, പ്രവർത്തന മേൽനോട്ടം എന്നിവ പ്രസ്തുത സ്ഥാപനത്തിന് ആകും. ഉചിതമായ നിലവാരത്തിൽ ഉള്ള ഡേറ്റ ലഭ്യമാക്കുന്നതിന് വാർഷിക കരാറിൽ ഏർപ്പെടുകയും അതിനായി സർവ്വീസ് ലെവൽ എഗ്രിമെന്റ് ഉണ്ടാക്കുകയും ചെയ്താൽ വിവരം കൃത്യമായി ലഭിക്കും. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഈ രീതിയാണ് അവലംബിക്കുന്നത്.

**(iii)** കാലാവസ്ഥാ മാപിനികൾ വയ്ക്കുന്നത് കൊണ്ട് മാത്രം പ്രവചന, മുന്നറിയിപ്പ് കാര്യക്ഷമമാകില്ല. ദീർഘകാല നിരീക്ഷണം (10 വർഷം) ഒരേ ലൊക്കേഷനിൽ ഉണ്ടായാൽ മാത്രമേ ഇവയിൽ നിന്നുള്ള വിവരങ്ങൾ ആധികാരികമായി ദുരന്ത വിശകലനത്തിന് ഉപയോഗിക്കുവാൻ സാധിക്കുകയുള്ളു. നിലവിൽ 130ൽ അധികം ഓട്ടോമാറ്റിക് സംവിധാനങ്ങൾ ഉള്ള കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ വെറും 7 മുതൽ 12 സ്ഥലങ്ങളിലെ വിവരങ്ങൾ മാത്രമാണ് പ്രവചനത്തിനായി ഉപയോഗിക്കുവാൻ സാധിക്കുന്നത്.

**(iv)** ദുരന്തസാധ്യതകളും നിലവിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പും, സ്കൈമെറ്റും സ്ഥാപിച്ചിട്ടുള്ള ശൃംഖല കൂടി പരിഗണിച്ച് **Data as a Service** മോഡലിൽ തദ്ദേശസ്ഥാപന തലത്തിൽ കൂടുതൽ മഴ-പുഴ നിരീക്ഷണ സംവിധാനം സൃഷ്ടിക്കുവാൻ ദുരന്ത നിവാരണ അതോറിറ്റി ഒരു വിശദമായ മാർഗ നിർദേശം തയ്യാറാക്കി ജല വിഭവ വിവരവിശകലന സ്ഥിരം സാങ്കേതിക സമിതിയുടെ കൂടി പരിഗണനയ്ക്ക് ശേഷം **KSDMA**യുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയോടെ പുറപ്പെടുവിക്കുന്നതാണ്. മേൽ മാർഗ്ഗനിർദ്ദേശത്തിൽ തദ്ദേശസ്ഥാപനം ഒറ്റതവണ ഭാഗികമായ ചെലവ് വരുത്തുകയും, വൈദ്യുതി, ഇന്റർനെറ്റ് എന്നിവ ലഭ്യമായ സ്ഥലം / റൂഫ് ടോപ് എന്നിവ ലഭ്യമാക്കുകയും, അതിന് ശേഷം **Data as a Service** മോഡലിൽ വാർഷികമായി **Kerala Water Resource Information System (KWRIS)** മുഖാന്തിരം പ്രസ്തുത സ്ഥലങ്ങളിലെ കാലാവസ്ഥാ വിവരം ലഭ്യമാക്കുന്ന ചെലവ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വഹിക്കുകയും ചെയ്യുന്നതിനുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിക്കും. നവംബർ മാസത്തിൽ ഇത്തരം ഒരു മാർഗ്ഗ നിർദ്ദേശം തയ്യാറാക്കി **KSDMA** പ്രസിദ്ധീകരിക്കുന്നതാണ്.

**(V)** നിലവിൽ കോട്ടയം ജില്ലാ പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ഈ പൊതു മാർഗ്ഗ നിർദ്ദേശം അനുസരിച്ച് പുനർ ആവിഷ്കരിച്ച് പരിഗണിക്കുന്നതാണ് ഉചിതം. ഇവയ്ക്ക് പുറമെ

ചുവടെ ചേർക്കുന്നവ കൂടി മെമ്പർ സെക്രട്ടറി യോഗത്തിന്റെ പരിഗണനയ്ക്ക് നൽകി. ദുരന്ത പ്രതികരണ നിധിയുടെ പുതിയ മാനദണ്ഡം അനുസരിച്ച് തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കാം. എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും 1 ലക്ഷം രൂപ വീതവും മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപ വീതവും, കോർപ്പറേഷനുകൾക്ക് 5 ലക്ഷം രൂപ വീതവും നൽകും. ഈ തുക അതത് തദ്ദേശസ്ഥാപന മേഖലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിലെ വൈദ്യുതി, ശുചി മുറികൾ, ലൈറ്റ്, ഫാൻ, അടുക്കള മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഒരു തദ്ദേശസ്ഥാപനത്തിന് ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രമേ ഈ തുകയ്ക്ക് അർഹത ഉള്ളൂ. തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഈ തുക ജില്ലാ ദുരന്ത നിവാരണ അതോറ്റിയിൽ നിന്ന് നൽകും. ഈ നിർദ്ദേശം എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും നൽകണം എന്നും KSDMA മെമ്പർ സെക്രട്ടറി ആവശ്യപ്പെട്ടു.

**തീരുമാനം :-** ഓട്ടോമെറ്റിക് വെതർസ്റ്റേഷനിലൂടെ ലഭിക്കുന്ന വിവരങ്ങൾ ഉല്പാദന മേഖലയ്ക്കും മറ്റു വികസന മേഖലയ്ക്കും സഹായകരമായ രീതിയിൽ എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്ന് പരിശോധിക്കേണ്ടതുണ്ട് എന്ന് യോഗം വിലയിരുത്തി. ഇതിന്മേൽ KSDMA മെമ്പർ സെക്രട്ടറി CUSAT, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ കൂടി സാങ്കേതിക ഉപദേശം തേടി റിപ്പോർട്ട് നൽകാൻ നിർദ്ദേശിക്കുന്നു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ പിന്നീട്ടു പരിഗണിക്കും.

**നടപടി:- 1) മെമ്പർ സെക്രട്ടറി, KSDMA**
**2)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**2.2. 21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 ഖണ്ഡിക 4.18**
**താമരശ്ശേരി ഗ്രാമപഞ്ചായത്ത്**

**ബഹു.കൊടുവള്ളി എം.എൽ.എയുടെ 20.09.2022 ലെ കത്തും താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.07.2022 ലെ 1-ാം നമ്പർ തീരുമാനവും (SRG 1064/22).**

**വിഷയം:-** താമരശ്ശേരി താലൂക്കാശുപത്രിയിൽ ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച്.

കൊടുവള്ളി ബ്ലോക്കു പഞ്ചായത്തിന്റെ കീഴിലാണ് താമരശ്ശേരി താലൂക്കാശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ഒരു ഡോക്ടറെ കൂടി നിയമിക്കേണ്ടതുണ്ട്. ബ്ലോക്കു പഞ്ചായത്തിന് ഇതിനുള്ള ഫണ്ടു കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഇതിനാവശ്യമായ തുക ബ്ലോക്കു പഞ്ചായത്തു പരിധിയിൽ വരുന്ന താമരശ്ശേരി ഗ്രാമപഞ്ചായത്ത് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഡോക്ടർക്കുള്ള വേതനം നൽകാൻ താമരശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഏതു സ്പെഷ്യാലിറ്റിയുള്ള ഡോക്ടറെയാണ് നിയമിക്കുന്നത് എന്നതടക്കമുള്ള വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ

ചുമതലപ്പെടുത്തിയെങ്കിലും റിപ്പോർട്ട് ലഭിച്ചില്ല. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) ഡയറക്ടർ, ആരോഗ്യവകുപ്പ്**

**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2 ഖണ്ഡിക 4.24**

**മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.8.2022, 23.08.2022 ലെ കത്തുകളും പരിശോധനാ റിപ്പോർട്ടും മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.07.2022 ലെ ഒന്നാം നമ്പർ തീരുമാനവും (SRG 903/22 - CC/464/2022).**

**വിഷയം: C.S.R** വിഹിതം ഉപയോഗിച്ച് **BM&BC** നിലവാരത്തിൽ റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 168/23* | *അടങ്കൽ* | *1,00,00,000 രൂപ (സി.എസ്.ആർ. വിഹിതം)* |
| *പേര്* | ***അരക്കന്നം പുളിക്കമാലി റോഡ്** **BM&BC നിലവാരത്തിൽ നിർമ്മിക്കൽ*** | |

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ മുളന്തുരുത്തി ആരക്കുന്നം പുളിക്കമാലി റോഡ് **BM&BC** നിലവാരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്നു. ഈ റോഡ് 2014-ൽ **PMGSY** പദ്ധതി പ്രകാരം ടാർ ചെയ്തതാണ്. ഇപ്പോൾ അറ്റകുറ്റപ്പണി ആവശ്യമുണ്ട്. **APTIV Connection System India Private Ltd.** എന്ന കമ്പനി ഇതിനായി 37.33 ലക്ഷം രൂപ സി.എസ്.ആർ. വിഹിതമായി ഗ്രാമപഞ്ചായത്തിനു നൽകിയിട്ടുണ്ട്. ബാക്കി വിഹിതം കൂടി ലഭിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ റോഡിന് ട്രാഫിക് സാന്ദ്രത കൂടുതലാണെന്നും **BM&BC** നിലവാരത്തിൽ റോഡ് നിർമ്മിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. **BM&BC** നിലവാരത്തിൽ ഈ റോഡ് നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ 21.10.2022 ലെ യോഗം ചുമതലപ്പെടുത്തിയപ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**22.11.2022 ലെ റിപ്പോർട്ട്:-** തദ്ദേശഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ പുനർനിർമ്മാണം നടത്തുമ്പോൾ ശരിയായ ട്രാഫിക് പഠനം നടത്തി ട്രാഫിക് സാന്ദ്രത 2MSa ക്ക് മുകളിൽ വരുന്നതാണെങ്കിൽ മാത്രം **BM&BC** നിലവാരത്തിൽ റോഡ് നിർമ്മിക്കേണ്ടതുള്ളു എന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ സർക്കുലർ നൽകിയിട്ടുണ്ട്. ഈ സർക്കുലറിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ എറണാകുളം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**തീരുമാനം :-** ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടുള്ള സി.എസ്.ആർ. പ്രയോജനപ്പെടുത്തേണ്ടതാണ് എന്ന് യോഗം വിലയിരുത്തി. ട്രാഫിക് സാന്ദ്രത

കൂടുതലാണെന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ കൂടി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ BM&BC നിലവാരത്തിൽ റോഡ് നിർമ്മിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2 ഖണ്ഡിക 4.30**

**ഏറത്ത് ഗ്രാമപഞ്ചായത്ത്**

**ഏറത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.09.2022 ലെ കത്തും ഏറത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.07.2022 ലെ 1(5)-ാം നമ്പർ തീരുമാനവും (SRG 1027/22).**

**വിഷയം:-** റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവ നടത്തുന്നതു സംബന്ധിച്ച്.

മെയിന്റനൻസ് നടത്തേണ്ട റോഡുകളുടെ തുക വകയിരുത്തിയതിനുശേഷം ബാക്കിയുള്ള തുക ഉപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഗ്രാമപഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. 28.11.2012 ലെ 68228/**FM1/2012/** തസ്വഭവ സർക്കുലർ പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന് കൈമാറിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയവ നടത്താൻ അനുമതിയുണ്ട്. കൈമാറി കിട്ടിയ റോഡുകൾക്ക് അറ്റകുറ്റപ്പണി ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുക്കണമെന്ന് സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഈ സർക്കുലറിന്റെ അടിസ്ഥാനത്തിൽ റോഡ് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവയ്ക്ക് ഈ വർഷം എത്ര പ്രോജക്ടുകൾ എടുത്തിട്ടുണ്ട്, കഴിഞ്ഞ വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകളുടെ ബാധ്യത എത്രയാണ്, മറ്റു റോഡുകൾക്ക് അറ്റകുറ്റപ്പണി ഈ വർഷം ആവശ്യമുണ്ടോ തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ 21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**22.11.2022 ലെ റിപ്പോർട്ട് :-** ഈ സാമ്പത്തിക വർഷം (2022-2023) 4,82,91,000 രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതമായി സുലേഖ വാലിഡേഷൻ പ്രകാരം പഞ്ചായത്തിനു നൽകിയിട്ടുണ്ട്. ഇതിൽ പഞ്ചായത്തിലെ മുഴുവൻ റോഡുകൾക്കും ആവശ്യം വേണ്ട പരിപാലന പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതി വെച്ചതിനുശേഷം ബാക്കി വന്ന തുകയ്ക്ക് പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള ഏറത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഏകകണ്ഠേനയുള്ള 25.07.2022 ലെ 1(5) തീരുമാന പ്രകാരം 18 പുതിയ കോൺക്രീറ്റ് പ്രവൃത്തികൾക്ക് 73.45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുകയുടെ 15.20% മാത്രമാണ്.

ഈ സാമ്പത്തികവർഷം സ്പിൽ ഓവർ ഇനത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതമായി 95 ലക്ഷം രൂപ സുലേഖ വാലിഡേഷൻ പ്രകാരം ഏറത്ത് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഏറത്ത് ഗ്രാമപഞ്ചായത്തിന് 85.85 ലക്ഷം രൂപയുടെ സ്പിൽ ഓവർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇതാകട്ടെ അനുവദിച്ച തുകയേക്കാൾ 6.15 ലക്ഷം രൂപയുടെ കുറവാണ്. അതുകൊണ്ട് തന്നെ സ്പിൽ ഓവർ പ്രവൃത്തികൾ കാരണം പഞ്ചായത്തിന് ഏതെങ്കിലും തരത്തിലുള്ള ബാധ്യത ഉണ്ടായിട്ടില്ല.

| | |
|---|---|
| സ്പിൽ ഓവർ ഇനത്തിൽ അനുവദിച്ച തുക | 95 ലക്ഷം |
| ആവശ്യം വേണ്ടി വന്ന സ്പിൽ ഓവർ തുക | 85.85 ലക്ഷം |
| ആകെ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം | 482.91 ലക്ഷം |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിച്ചുള്ള പുതിയ പ്രവൃത്തികൾ (18 എണ്ണം) | 73.45 ലക്ഷം |

**തീരുമാനം :-** റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ മെറ്റലിംഗ്, ടാറിംഗ്, കോൺ, ക്രീറ്റിംഗ് എന്നിവയ്ക്ക് ഉപയോഗിക്കാവുന്നതല്ല എന്ന് നിർദ്ദേശിക്കുന്നു. എന്നാൽ റോഡ് അറ്റകുറ്റപ്പണിയുടെ ഭാഗമായി കോൺക്രീറ്റിംഗ് വേണ്ടി വന്നാൽ അവ ചെയ്യാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2 ഖണ്ഡിക 4.37**

**ചിങ്ങോലി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2022ലെ കത്ത് (SRG 911/22 - CC/476/22).**

**വിഷയം:** റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പാലം നിർമ്മിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 83/23* | ***അടങ്കൽ*** | ***37,00,000 രൂപ*** |
| | *മെയിന്റനൻസ് ഗ്രാന്റ് റോഡ്* | ***36,83,244 രൂപ*** |
| | *തനത് ഫണ്ട്* | ***16,756 രൂപ*** |
| ***പേര്*** | ***തയ്യിൽ പാലം നിർമ്മാണം*** | |

ചിങ്ങോലി ഗ്രാമപഞ്ചായത്തിലെ കാർത്തികപ്പള്ളി വെമ്പുഴ റോഡ് PMGSY പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികളിലേക്ക് കടക്കുന്നു. ഈ റോഡിൽ ഗ്രാമപഞ്ചായത്തിലെ 1, 13 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തയ്യിൽ പാലം ഇപ്പോൾ അപകടാവസ്ഥയിലാണ്. PMGSY പദ്ധതിയിൽ റോഡിന് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പാലത്തിന് കേടുപാടുകൾ ഇല്ലാതിരുന്നതിനാൽ പാലത്തിന്റെ നിർമ്മാണം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് പാലം നിർമ്മിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

PMGSY യിൽ നിന്ന് പാലം നിർമ്മിക്കുന്നതിനാവശ്യമായ തുക ലഭിക്കുമോ എന്നതു സംബന്ധിച്ച് PMGSY ചീഫ് എഞ്ചിനീയറുടെ കൂടി അഭിപ്രായമാരാഞ്ഞ് റിപ്പോർട്ട് നൽകാൻ

21.10.2022 ലെ യോഗം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**22.11.2022 ലെ റിപ്പോർട്ട്:-** റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. സർക്കാരിലേക്ക് റോഡിന്റെ പുതുക്കിയ എസ്റ്റിമേറ്റ് നൽകിയിട്ടേയുള്ളൂ. റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് പാലത്തിനു കേടുപാടുകൾ ഇല്ലായിരുന്നു. അതിനാൽ റോഡിന്റെ എസ്റ്റിമേറ്റിൽ പാലം ഉൾപ്പെടുത്തിയില്ല. പാലത്തിന് 35.00 ലക്ഷം രൂപ ചെലവ് വരും. ഇതു കൂടി ഉൾപ്പെടുത്തി അധിക തുകയ്ക്ക് സർക്കാരിലേയ്ക്കച്ച് അംഗീകാരം ലഭിക്കാൻ കാലതാമസം വന്നേക്കാം. അതിനാൽ മറ്റേതെങ്കിലും ഫണ്ടുപയോഗിച്ച് പാലം നിർമ്മിക്കുന്നതാണ് നല്ലതെന്ന് **PMGSY** ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം :-** ഈ പാലത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് പരിശോധിച്ച് ടെക്നിക്കൽ റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തവിധം പാലം തകർന്നുപോയിട്ടുണ്ടോ, പുതിയ പാലം തന്നെ നിർമ്മിക്കേണ്ടതുണ്ടോ എന്നീ വിവരങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.

**നടപടി:-1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**2.2 ഖണ്ഡിക 4.44**
**മണിമല ഗ്രാമപഞ്ചായത്ത്**
**മണിമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.09.2022 ലെ** SC2-01/22-ാം **നമ്പർ കത്ത് (SRG 982/22).**

**വിഷയം:-** ഓഫീസിന് വാഹനം വാങ്ങൽ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ നിലവിലെ വാഹനം ലേലം ചെയ്തു. തനതുഫണ്ടുപയോഗിച്ച് പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലേക്ക് വാഹനം വാങ്ങുന്നതിന് പരമാവധി 13 ലക്ഷം രൂപ ഉപയോഗിക്കാം. ഗ്രാമപഞ്ചായത്ത് വാങ്ങാനുദ്ദേശിക്കുന്ന മഹീന്ദ്ര കമ്പനിയുടെ മരാസോ 7 സീറ്റർ വാഹനത്തിന് 13 ലക്ഷം രൂപ വിലയാകും. ടാക്സും അനുബന്ധ ചെലവുമുൾപ്പടെ 2.00 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്. ഇതു കൂടി ഉൾപ്പെടുത്തി വാഹനം വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പഞ്ചായത്ത് ഡയറക്ടർ കൂടി അറിയിച്ച പ്രകാരം വാഹനത്തിന്റെ ഷോറൂം വില 13.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തണം. ഇൻഷ്വറൻസ്, ടാക്സ് തുടങ്ങിയവയ്ക്ക് ഇതിനു പുറമെ ചെലവഴിക്കാം. എന്നാൽ ഇതിന് തനതു ഫണ്ടു മാത്രമേ ചെലവഴിക്കാവൂ എന്നു നിർദ്ദേശം നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

2.2 ഖണ്ഡിക 4.47

പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.07.2022 ലെ കത്തും പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2022 ലെ 12(1)–ാം നമ്പർ തീരുമാനവും (SRG 716/22 – CC/406/22).**

**വിഷയം :–** കന്നുകുട്ടി / കാളകുട്ടി പരിപാലനം

പ്രത്യേക കന്നുകുട്ടി പരിപാലനത്തിന് ധനസഹായം നൽകാൻ മാർഗ്ഗരേഖയിൽ അനുമതിയുണ്ട്. പൊതു/പട്ടികജാതി വിഭാഗത്തിന് തദ്ദേശഭരണസ്ഥാപന വിഹിതം 6250 രൂപ, സംസ്ഥാന വിഹിതം 6250 രൂപ, ഗുണഭോക്തൃ വിഹിതം 12,500 രൂപ എന്നിങ്ങനെയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം സബ്സിഡി നൽകാം. സംസ്ഥാന വിഹിതമായ 6250 രൂപ ലഭിക്കാതെ വന്നാൽ ഈ തുക കൂടി തദ്ദേശഭരണസ്ഥാപനത്തിൽ നിന്നു നൽകാൻ അനുമതി നൽകണമെന്ന ആവശ്യം 21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ പരിഗണിച്ചിരുന്നു. സംസ്ഥാന (മൃഗസംരക്ഷണ വകുപ്പ്) വിഹിതം ലഭിക്കാതെ വരുന്ന സാഹചര്യം വന്നാൽ ഈ ആവശ്യം പിന്നീട് പരിഗണിക്കുന്നതാണ് എന്ന് 21.10.2022 ലെ യോഗം തീരുമാനിച്ചു. ഇതിന്മേൽ കാലതാമസം കൂടാതെ തീരുമാനമെടുക്കണമെന്ന് മൃഗസംരക്ഷണവകുപ്പ് അഭിപ്രായപ്പെട്ടു.

**തീരുമാനം :–** സംസ്ഥാന വിഹിതം ലഭിക്കാതെ വന്നാൽ ഈ വർഷത്തേക്ക് മാത്രം (2022–23) സംസ്ഥാന വിഹിതമായി നിശ്ചയിച്ചിരുന്ന 6250 രൂപ നൽകാൻ അനുമതി നൽകുന്നു. അടുത്തവർഷം മുതൽ വകുപ്പ് മുഖേന നൽകേണ്ട വിഹിതത്തിന് മതിയായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് യോഗം ആവശ്യപ്പെട്ടു.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

2.2 ഖണ്ഡിക 4.55

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.09.2022 ലെ കത്തുകൾ (2 എണ്ണം) അനുബന്ധ രേഖകളും (SRG 969/22 – CC/471/2022).**

**വിഷയം:** ഗാന്ധി പ്രതിമ സ്ഥാപിക്കുന്നതിനു ഏജൻസിയെ നിശ്ചയിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 64/23* | *അടങ്കൽ* | *5,00,000 രൂപ (തനതുഫണ്ട്)* |
| *പേര്* | *ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ ഗാന്ധി പ്രതിമ സ്ഥാപിക്കൽ* | |

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഗാന്ധി പ്രതിമ സ്ഥാപിച്ച് അതിനോടനുബന്ധിച്ച് ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട ആർട്ട് വർക്കുകൾ, പുല്ലുകൊണ്ടുള്ള ലാന്റ് സ്കേപ്പിംഗ് എന്നിവയും ചെയ്യാനുദ്ദേശിക്കുന്നു. ഈ പ്രവൃത്തികൾ കേരള

ഗ്രാമ വികസന സാനിറ്റേഷൻ സൊസൈറ്റി മുഖേന ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡം പാലിക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**<u>2.2 ഖണ്ഡിക 4.57</u>**

**<u>ബൈസൺവാലി ഗ്രാമപഞ്ചായത്ത്</u>**
**<u>ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.07.2022 ലെ കത്തും ബൈസൺ വാലി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.05.2022 ലെ IV(1)-ാാം നമ്പർ തീരുമാനവും (SRG 693/22 - CC/394/22).</u>**

**വിഷയം:-** പ്രോജക്ട് തയ്യാറാക്കാതെ ചെയ്ത പ്രവർത്തിക്ക് തുക നൽകുന്നത് സംബന്ധിച്ച്

| | | |
|---|---|---|
| *പ്രോ.നം: 79/23* | *അടങ്കൽ* | *20,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *മുട്ടുകാട് പാടം തോട് സൈഡ് കെട്ടൽ* | |

ബൈസൺവാലി ഗ്രാമപഞ്ചായത്തിലെ മുട്ടുകാട് പാടശേഖരത്തിന്റെ തോട് സൈഡ് കെട്ടാനായി 2017-18 ൽ 49.75 ലക്ഷം രൂപ കൃഷി വകുപ്പിന് അനുവദിച്ചിരുന്നു. ഈ തുക ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിന്റെ റ്റി.എസ്.ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു. ഈ തുക ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാതെ സാങ്കേതികാനുമതി വാങ്ങി ടെണ്ടർ ചെയ്തു. ഇപ്പോൾ പ്രവൃത്തി പൂർത്തിയായിവരുന്നു. ട്രഷറിയിൽ സൂക്ഷിച്ച തുക തനതുഫണ്ടായി കരുതി മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചു. ഇപ്പോൾ കരാറുകാരൻ പാർട്ട് ബിൽ സമർപ്പിച്ചു. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ തുക നൽകാനായി വികസനഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

കൃഷി വകുപ്പിൽ നിന്നു ലഭ്യമായ തുക മറ്റാവശ്യത്തിനു ചെലവഴിച്ചത് സെക്രട്ടറിയുടെ ഭാഗത്തുണ്ടായ വീഴ്ചയാണ്. പ്രോജക്ട് തയ്യാറാക്കാതെ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ് എന്ന് 21.10.2022 ലെ യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം ഡയറക്ടർ റിപ്പോർട്ട് നൽകി.

**22.11.2022 ലെ റിപ്പോർട്ട്** :- പ്രോജക്ട് തയ്യാറാക്കാതെ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചതും സംസ്ഥാന സർക്കാർ ബഡ്ജറ്റിൽപ്പെടുത്തി വിവിധ വകുപ്പുകൾ മുഖാന്തിരം പഞ്ചായത്തിന് പ്രത്യേക ഉദ്ദേശ ഗ്രാന്റായി അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചതും വലിയ വീഴ്ചയാണ്. കൃഷി വകുപ്പിൽ നിന്നും ലഭ്യമായ 49.15 ലക്ഷം രൂപ ക്രഡിറ്റ് ചെയ്തത് തനത് ഫണ്ട് അക്കൗണ്ടിൽ ആയതിനാൽ തനത് ഫണ്ട് വകയിരുത്തി തന്നെ പുതുക്കിയ പ്രോജക്ട് തയ്യാറാക്കുന്നതിന് അനുമതി നൽകുന്നതായിരിക്കും ഉചിതം എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു.

**തീരുമാനം :-** കൃഷി വകുപ്പിൽ നിന്നനുവദിച്ച തുക വകുപ്പു നിർദ്ദേശിച്ച പദ്ധതിക്കു തന്നെ ഉപയോഗിക്കേണ്ടതാണ്. ഈ തുക തനതു ഫണ്ടിനത്തിൽ

ചെലവഴിച്ച എന്നറിയിച്ചതനുസരിച്ച് മുകളിൽ പറഞ്ഞ പ്രോജക്റ്റിന്റെ ചെലവടക്കം ബാക്കി തുകയും തനതുഫണ്ടിൽ നിന്നു തന്നെ ചെലവഴിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2 ഖണ്ഡിക 4.58**

**അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്**

**അട്ടപ്പാടി ബ്ലോക്കുപഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 29.09.2022 ലെ കത്ത് (SRG 1061/22).**

**വിഷയം:-** കോട്ടത്തറ ആശുപത്രിയിൽ അധികമായി സ്റ്റാഫിനെ ബ്ലോക്കു പഞ്ചായത്തിൽ നിന്നും നിയമിക്കുന്നതു സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 188/23*** | ***അടങ്കൽ*** | ***10,00,000 രൂപ***<br>*(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)* |
| ***പേര്*** | ***കോട്ടത്തറ GTSH HMC താത്ക്കാലിക ജീവനക്കാർക്ക് വേതനം*** | |

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തിക്കുന്നത്. ഇവിടെ ജനറൽ മെഡിസിൻ, ഓർത്തോ, ഇ.എൻ.ടി, ഗൈനക്കോളജി, സൈക്യാട്രി, സർജറി, ശിശുരോഗ വിദഗ്ധ സേവനം, കണ്ണ് രോഗം, ഡയാലിസിസ് തുടങ്ങിയ സ്പെഷ്യാലിറ്റിയുണ്ട്. ഡയാലിസിസിന് ഇപ്പോഴുള്ള ഒരു ഷിഫ്റ്റിനു പകരം രണ്ടു ഷിഫ്റ്റാക്കണം. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് അധിക സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ട്. എച്ച്.എം.സിയിൽ മതിയായ വരുമാനമില്ലാത്തതിനാൽ താല്ക്കാലികാടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം അധികമാൾക്കാരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നു നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

1) ഡയാലിസിസ് ടെക്നീഷ്യൻ – 1 എണ്ണം
2) സ്റ്റാഫ് നേഴ്സ് ഗ്രേഡ് II – 3 എണ്ണം
3) ലാബ് ടെക്നീഷ്യൻ – 1 എണ്ണം
4) സെക്യൂരിറ്റി ജീവനക്കാർ – 2 എണ്ണം

**21.10.2022 തീരുമാനം:-** മുകളിൽ പറഞ്ഞ പ്രകാരം ആൾക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. ആരോഗ്യ വകുപ്പിൽ നിന്ന് ഇവരെ നിയമിക്കാൻ സാധിക്കുമോ എന്നു കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തണം. ഇതു സംബന്ധിച്ച റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ചിട്ടില്ല. റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടറോട് 22.11.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി ആവശ്യപ്പെട്ടു. ഈ ആശുപത്രിയുടെ പ്രധാന ഗുണഭോക്താക്കൾ പട്ടികവർഗ്ഗ വിഭാഗക്കാരാണ്. അതിനാൽ മുകളിൽ പറഞ്ഞവരെ നിയമിക്കുന്നതടക്കം ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന

വകുപ്പിന്റെ സഹായവും ഉണ്ടാകണമെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടറോട് യോഗം നിർദ്ദേശിച്ചു.

**നടപടി:- 1) ഡയറക്ടർ, ആരോഗ്യവകുപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.2 ഖണ്ഡിക 4.61**
**അരുവാപ്പുലം ഗ്രാമപഞ്ചായത്ത്**
**അരുവാപ്പുലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2022 ലെ** A2-2289/2022- **ലെ കത്ത് (SRG 854/22).**

**വിഷയം:** എസ്റ്റേറ്റ് മേഖലയിലെ അങ്കണവാടി കെട്ടിടത്തിന് അറ്റകുറ്റപ്പണി ചെയ്യുന്നത് സംബന്ധിച്ച്.

അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ എസ്റ്റേറ്റ് മേഖലയിലെ 30, 34എന്നീ നമ്പറുകളിലുള്ള അങ്കണവാടി കെട്ടിടങ്ങളുടെ മേൽക്കൂര തകർന്നു വീഴാറായ സ്ഥിതിയിലാണ്. അതിനാൽ ഫിറ്റ്നസ് ലഭിച്ചിട്ടില്ല. ഈ വർഷം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായി 25,66,000 രൂപ മാറ്റിവച്ചിട്ടുണ്ട്. ഈ തുകയിൽ നിന്ന് മുകളിൽ പറഞ്ഞ രണ്ട് അങ്കണവാടി കെട്ടിടങ്ങൾ റിപ്പയർ ചെയ്യാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീർത്തും ജീർണ്ണാവസ്ഥയിലായ എസ്റ്റേറ്റ് കെട്ടിടം അറ്റകുറ്റപ്പണി നടത്തുന്നതിന് കഴിയുമോ എന്ന് പരിശോധിക്കേണ്ടതുണ്ട് എന്ന് 21.10.2022 ലെ യോഗം വിലയിരുത്തിയ പ്രകാരം ഇതിന്റെ അറ്റകുറ്റപ്പണി പ്രായോഗികമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ യോഗം ചുമതലപ്പെടുത്തി. ഇതു സംബന്ധിച്ച റിപ്പോർട്ട് ചീഫ് എഞ്ചിനീയർ നൽകി.

**22.11.2022 ലെ റിപ്പോർട്ട്** :- അങ്കണവാടി നമ്പർ 30,34 എന്നിവയുടെ ഭിത്തി കരിങ്കൽ കൊണ്ടു നിർമ്മിച്ചതാകയാൽ കെട്ടിടം മെയിന്റനൻസ് നടത്തി ഉപയോഗിക്കാവുന്നതാണ് എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**തീരുമാനം :-** ഈ കെട്ടിടങ്ങൾ അങ്കണവാടിയുടെ പ്രവർത്തനത്തിനായി വിട്ടു നൽകണമെന്ന് എസ്റ്റേറ്റ് കമ്പനി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**3. പൊതുവിഷയം**

3.1) കേരളത്തിൽ ഏറ്റവും അധികം നെൽകൃഷിയുള്ള ജില്ലകളിലൊന്നാണ് പാലക്കാട്. ജലസേചനത്തെ ആശ്രയിച്ചാണ് ഇവിടെ നെൽകൃഷി നടത്തുന്നത്. ജലസേചന കനാൽ മലിനമായി കിടക്കുന്നതിനാലും ജലനിർഗ്ഗമനം സുഗമമല്ലാത്തതിനാലും പാടശേഖരങ്ങളിൽ സുഗമമായി ജലമെത്തിക്കാൻ കഴിയാതെ വരുന്ന സാഹചര്യമുണ്ട്. കനാലുകൾ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിലും ചെളിയും പായലും മറ്റും ജലസേചന വകുപ്പ് കൃത്യമായി വൃത്തിയാക്കാറില്ല. ഇതു നെൽകൃഷിയെ ദോഷകരമായി ബാധിക്കും. നെൽകൃഷി സംരക്ഷിക്കേണ്ടതിന്റെ ഭാഗമായി ജലസേചന കനാലുകൾ വൃത്തിയാക്കുന്നതിന്

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് പാലക്കാട് ജില്ലാ പഞ്ചായത്തടക്കം ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രാദേശികമായി ജലസേന വകുപ്പിന്റെ കൂടി അനുമതി വാങ്ങി ജലസേചന കനാലുകൾ വൃത്തിയാക്കുന്നതിന് പ്രോജക്ട് എടുക്കാൻ പാലക്കാട് ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു. ഇതിനായി തനത് ഫണ്ട്, വികസന ഫണ്ട് ഇവ ഉപയോഗിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

3.2) കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്ന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും 1 ലക്ഷം രൂപ വീതവും, മുനിസിപ്പാലിറ്റികൾക്ക് 2 ലക്ഷം രൂപ വീതവും കോർപ്പറേഷനുകൾക്ക് 5 ലക്ഷം രൂപ വീതവും നൽകുമെന്ന് KSDMA മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ തുക അതത് തദ്ദേശഭരണസ്ഥാപന മേഖലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിലെ വൈദ്യുതി, ശുചിമുറികൾ, ലൈറ്റ്, ഫാൻ, അടുക്കള മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണ്. KSDMA യിൽ നിന്ന് ഇപ്രകാരം തുക ലഭിക്കുന്ന മുറയ്ക്ക് ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

3.3) പ്രത്യേക കന്നുകുട്ടി പരിപാലനത്തിന് ധനസഹായം നൽകാൻ മാർഗ്ഗരേഖയിൽ അനുമതിയുണ്ട്. പൊതു/പട്ടികജാതി വിഭാഗത്തിന് തദ്ദേശഭരണസ്ഥാപന വിഹിതം 6250 രൂപ, സംസ്ഥാന വിഹിതം 6250 രൂപ, ഗുണഭോക്തൃവിഹിതം 12,500 രൂപ എന്നിങ്ങനെയാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം സബ്സിഡി നൽകാം. ഈ വർഷത്തേക്ക് മൃഗസംരക്ഷണ വകുപ്പിൽ നിന്ന് മതിയായ വിഹിതം നൽകാൻ കഴിയില്ലായെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചതനുസരിച്ച്, തദ്ദേശഭരണസ്ഥാപനം തയ്യാറാകുന്നപക്ഷം സംസ്ഥാന വിഹിതം ലഭിക്കാതെ വന്നാൽ ഈ വർഷത്തേക്ക് മാത്രം (2022-23) ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന് സംസ്ഥാന വിഹിതമായി നിശ്ചിയിച്ചിരുന്ന 6250 രൂപ കൂടി നൽകാൻ അനുമതി നൽകുന്നു. എന്നാൽ അടുത്ത വർഷം മുതൽ വകുപ്പ മുഖേന നൽകേണ്ട വിഹിതം നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ നടപടി സ്വീകരിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4. പ്രത്യേക വിഷയം**

**====================**

**4.1. <u>ASERT Farming Solution Pvt.Ltd.</u>**

**<u>ASERT Farming Solution Pvt.Ltd.</u> മാനേജിംഗ് ഡയറക്ടറുടെ 09.08.2022 ലെ കത്ത് (DA1/354/2022/ LSGD) -(SRG 890/22).**

**വിഷയം:-** സ്റ്റാർട്ടപ്പ കമ്പനികളിൽ നിന്ന് ടെണ്ടർ ഒഴിവാക്കി ഉത്പന്നങ്ങൾ / സേവനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച്.

സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 05.07.2022 ലെ 2/2022/**SPD** നമ്പർ ഉത്തരവു പ്രകാരം സ്റ്റേറ്റ് യൂണിക്ക് ഐ.ഡിയുള്ള സ്റ്റാർട്ടപ്പകളിൽ നിന്ന് 50 ലക്ഷം വരെയുള്ള എല്ലാത്തരം ഉല്പന്നങ്ങളും സേവനങ്ങളും സർക്കാർ സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ വാങ്ങാവുന്നതാണ്.

എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബാധകമല്ല എന്ന് ചൂണ്ടി കാണിച്ച് ടെണ്ടറില്ലാതെ വാങ്ങാൻ തയ്യാറാകുന്നില്ല. അതിനാൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വാങ്ങൽ നടപടി ക്രമങ്ങളിൽ ഈ ഉത്തരവ്വ ബാധകമാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം:-** ASERT മരുന്നുല്പാദനങ്ങളുടെ (പ്രധാനമായും വെറ്ററിനറി മരുന്നുകൾ) സ്റ്റാർട്ട് അപ് ആണെന്ന് മൃഗസംരക്ഷണ വകുപ്പിലെ പ്രതിനിധികൾ അറിയിച്ചു. ഇവർ മരുന്ന് ഉല്പാദിപ്പിക്കുന്നില്ലെന്നും വിതരണക്കാർ മാത്രമാണെന്നും മൃഗസംരക്ഷണ വകുപ്പ് പ്രതിനിധികൾ യോഗത്തിൽ പറഞ്ഞു. ഈ സാഹചര്യത്തിൽ ASERT Farming Solution Pvt.Ltd നേരിട്ട് മരുന്ന് ഉല്പാദിപ്പിക്കുന്നുണ്ടോ, ഡ്രഗ് ലൈസൻസ് ഉണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇതു ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി:- 1) മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.2 <u>കേരള ഗവ.ഫാർമസിസ്റ്റ് അസ്സോസിയേഷൻ</u>**

**കേരള ഗവ.ഫാർമസിസ്റ്റ് അസ്സോസിയേഷൻ പ്രസിഡന്റിന്റെ 01.10.2022 ലെ 17/2022-23/KGPA നമ്പർ കത്ത് (SRG 1110/22)**

**വിഷയം:-** താല്ക്കാലികമായി ജോലി ചെയ്യുന്ന ഫാർമസിസ്റ്റുമാർക്ക് പുതുക്കിയ അടിസ്ഥാന ശമ്പളം നൽകണമെന്നതു സംബന്ധിച്ച്.

ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും പി.എച്ച്.സി, സി.എച്ച്.സി, താലൂക്കാശുപത്രികൾ, നഗരസഭകളുമായി ബന്ധപ്പെട്ട ആശുപത്രികൾ എന്നിവിടങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന താല്ക്കാലികമായി നിയമിക്കാറുണ്ട്. ആരോഗ്യവകുപ്പിന്റെ മാനദണ്ഡപ്രകാരം പുതുതായി നിയമിക്കപ്പെടുന്ന ഡോക്ടർ/നേഴ്സ്മാരുടെ അടിസ്ഥാന ശമ്പളമാണ് ഇവർക്ക് നൽകേണ്ടത്. ഇതനുസരിച്ച് പുതിയ ശമ്പള പരിഷ്കരണ പ്രകാരം ഡോക്ടർമാർക്ക് 63,700 രൂപയും നഴ്സ്മാർക്ക് 39,300 രൂപയുമാണ് നൽകാവുന്നതെന്ന് കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് സർക്കുലർ ഇറക്കിയിട്ടുണ്ട്.

തദ്ദേശഭരണസ്ഥാപനങ്ങൾ ഫാർമസിസ്റ്റുകളേയും താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവർക്കും അഡ്ഹോക്ക് സാലറി നൽകുന്നത് സംബന്ധിച്ച്.

**തീരുമാനം:-** **1)** ഇതിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീടു പരിഗണിക്കുന്നതാണ്.

**നടപടി:- 1) ആരോഗ്യവകുപ്പ് ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.3 <u>കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്</u>**

**കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് സെക്രട്ടറിയുടെ 14.09.2022 ലെ കത്ത് (SRG 1058/22)**

**വിഷയം:-** കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് മരുന്നു വാങ്ങുന്നതിനുള്ള അനുമതിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റിക് തദ്ദേശഭരണസ്ഥാപനങ്ങളുടെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ ഔഷധങ്ങൾ നൽകുന്നതിന് 04.12.2008ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇത് കാലാകാലങ്ങളിൽ പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. 11.01.2022 ൽ പുതുക്കി നൽകിയ കാലാവധി 23.12.2022 ൽ അവസാനിക്കും. ഗുണമേന്മയുള്ള ഔഷധമാണ് നൽകുന്നതെന്നും സർക്കാർ സ്ഥാപനമായ ഔഷധിയുടെ വിലയ്ക്കാണ് നൽകുന്നതെന്നും സൊസൈറ്റി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മരുന്നു വിതരണം ചെയ്യുന്നതിനുള്ള അനുമതി 5 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-** കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ഡ്രഗ് ലൈസൻസ് കൂടി പരിശോധിച്ച് വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.4 <u>എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ്</u>**

**എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡ് അസോസിയേറ്റ് വൈസ് പ്രസിഡന്റിന്റെ 02.08.2021 ലെ കത്ത് (SRG 1148/22 - LSGD-DA1/197/2021 - LSGD നമ്പർ കത്ത്)**

**വിഷയം:-** എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിനെ ജനകീയാസൂത്രണ പദ്ധതിയിൽ വെറ്ററിനറി മരുന്നുകൾ ഫാർമസ്യൂട്ടിക്കൽസ് എന്നിവയുടെ വിതരണക്കാരായി അംഗീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

മരുന്നുകൾ, ആശുപത്രി ഉപകരണങ്ങൾ, ലാബോറട്ടറിയിലേക്ക് വേണ്ട കെമിക്കലുകൾ, ശാസ്ത്രീയ ഉപകരണങ്ങൾ എന്നിവയുടെ അംഗീകൃത വിതരണ സ്ഥാപനമായി എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിനെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകൾ, ജില്ലാ/ജനറൽ/താലൂക്കാശുപത്രികളിൽ PPP മോഡലായും പ്രവർത്തിക്കുന്നുണ്ട്. ഇൻഡ്യയിലാകെ 280 ഫാർമസി ഔട്ട് ലെറ്റുകളും ഉണ്ട്. എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡ് വഴി വിതരണം ചെയ്യുന്നവയ്ക്ക് പൊതുവെ 50 ശതമാനം വരെ വിലക്കുറവുണ്ട്. സംസ്ഥാന സർക്കാർ എച്ച്.എൽ.എൽ.ലൈഫ് കെയറിനെ മുകളിൽ പറഞ്ഞവയുടെ അംഗീകൃത സപ്ലൈയർ ആയി അംഗീകരിച്ചിട്ടുണ്ട്. ഇവയ്ക്കൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളിലേക്കാവശ്യമായ വെറ്ററിനറി മരുന്നുകൾ, ഫാർമസ്യൂട്ടിക്കൽസ് എന്നിവയുടെ അംഗീകൃത സപ്ലൈയർ ആയി എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിനെ നിശ്ചയിക്കണമെന്നും അതുവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്

എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിൽ നിന്നു നേരിട്ടു വാങ്ങാൻ അനുമതി നൽകണമെന്നതും സംബന്ധിച്ച്.

**തീരുമാനം :-**

1) എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിന്റെ ഉല്പന്നങ്ങൾക്കെല്ലാം പൊതുവെ വിലക്കുറവാണ് എന്നതും **HLL Life care Ltd** ഒരു പൊതുമേഖലാ സ്ഥാപനമാണെന്നും പരിഗണിച്ച് പ്രത്യേക പരിഗണന നൽകി എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിൽ നിന്ന് മറ്റുള്ളവയോടൊപ്പം വെറ്റിനറി മരുന്നുകളും ഫാർമസ്യൂട്ടിക്കൽസും നേരിട്ടു വാങ്ങുന്നതിന് അനുമതി നൽകുന്നു.
2) സബ്സിഡി മാർഗ്ഗരേഖ പ്രകാരം **KMSCL** നിന്നു മരുന്നു ലഭിക്കാൻ വൈകിയാൽ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി, നീതി സ്റ്റോർ (പിന്നീട്ട കൂട്ടിച്ചേർത്തത്) തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകളിൽ നിന്നു വാങ്ങാൻ അനുമതിയുണ്ട്. ഈ സ്ഥാപനങ്ങളോടൊപ്പം എച്ച്.എൽ.എൽ .ലൈഫ് കെയർ ലിമിറ്റഡിനെ കൂടി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.10 <u>എറണാകുളം ജില്ലാ പഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 08.11.22 ലെ DP13-885/2022-ാം നമ്പർ കത്തും എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 04.11.2022 ലെ അടിയന്തിര യോഗത്തിലെ 1(1)-ാം നമ്പർ തീരുമാനവും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അഭിപ്രായക്കുറിപ്പും കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2022-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.14) (SRG 1283//22)**

**വിഷയം:-** വൃക്കരോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകുന്നതു സംബന്ധിച്ച്.

വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകാനുള്ള പ്രോജക്റ്റ് ഏറ്റെടുക്കാൻ പുതിയ മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കുമാണ് ഇതിനുള്ള പ്രോജക്റ്റ് നേരിട്ട് ഏറ്റെടുക്കാവുന്നത്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്കു ഗ്രാമപഞ്ചായത്തുകളിലേക്ക് വിഹിതം നൽകാം. മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗത്തിന് 2.00 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്കാണ് ധനസഹായം നൽകാവുന്നത്. ഇതിൽ താഴെ പറയുന്ന മാറ്റങ്ങളോടെ നടപ്പാക്കാൻ അനുമതി നൽകണമെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് ആവശ്യപ്പെടുകയും 21.10.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ഇതു പരിഗണിക്കുകയും ചെയ്തിരുന്നു.

1. ഡയാലിസിസിനു ധനസഹായം നൽകാനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്തിനു നേരിട്ടെടുക്കാൻ അനുമതി.
2. 3.00 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പൊതു വിഭാഗത്തിൽപ്പെട്ടവർക്കും ധനസഹായം നൽകാൻ അനുമതി.

ജില്ലാ പഞ്ചായത്തിന്റെ വിഹിതം ഗ്രാമപഞ്ചായത്തിനു കൈമാറി ഗ്രാമപഞ്ചായത്ത് മുഖ്യ നിർവ്വഹണ ഏജൻസിയായി പ്രോജക്ട നടപ്പാക്കാനും മാർഗ്ഗരേഖയിൽ പറയുന്ന വരുമാനപരിധി പാലിക്കണമെന്നുമാണ് 21.10.22 ലെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചത്. എന്നാൽ ഈ തീരുമാനം താഴെ പറയുന്ന കാരണങ്ങളാൽ പുനപരിശോധിക്കണമെന്ന് ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുന്നു.

ജില്ലാ പഞ്ചായത്ത് നേരിട്ട് ധനസഹായം നൽകുന്ന രീതിയിലാണ് കഴിഞ്ഞ വർഷം ഈ പ്രോജക്ട് തയ്യാറാക്കിയത്. കഴിഞ്ഞവർഷം ഏകദേശം 600 പേർക്ക് ധനസഹായം നൽകി. ഇവർ ഈ വർഷവും ചികിത്സ തുടരുന്നു. ചികിത്സ നൽകിയ ആശുപത്രികൾക്ക് ഏകദേശം 1.50 കോടി രൂപ നൽകാനുണ്ട്. പുതിയതായി 400 രോഗികൾക്കു കൂടി ഡയാലിസിസ് ചെയ്യണം. കുടിശികയടക്കമുള്ള തുക ഗ്രാമപഞ്ചായത്തു മുഖേന നൽകുന്നതു ബുദ്ധിമുട്ടാണ്. കഴിഞ്ഞ വർഷം 3.00 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് (പൊതു വിഭാഗം) ധനസഹായം നൽകി. ഇത്തരം ഗുണഭോക്താക്കളെ മാറ്റി നിർത്തുന്നത് ബുദ്ധിമുട്ടാണ്. അതിനാൽ 3.00 ലക്ഷം രൂപ വരുമാനമുള്ള (പൊതു വിഭാഗം)വർക്കും ധനസഹായം നൽകണം.

ഈ സാഹചര്യം കൂടി പരിഗണിച്ച് ഈ വർഷവും കഴിഞ്ഞവർഷം നടത്തിയ രീതിയിൽ ജില്ലാ പഞ്ചായത്ത് നേരിട്ടു പദ്ധതി നടപ്പാക്കാനും 3.00 ലക്ഷം രൂപവരെ വരുമാനമുള്ളവർക്കും ധനസഹായം നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ജില്ലാ പഞ്ചായത്തിൽ നിന്ന് ഡയാലിസിസിനു നേരിട്ടു ധനസഹായം നൽകുന്ന പ്രവർത്തനവുമായി ഈ വർഷം ആദ്യം തന്നെ ജില്ലാ പഞ്ചായത്ത് മുന്നോട്ടു പോയി എന്നതു പരിഗണിച്ച് ഈ വർഷത്തേക്കു മാത്രമായി ജില്ലാ പഞ്ചായത്തു മുഖേന ധനസഹായം നൽകാൻ അനുമതി നൽകുന്നു. മാർഗരേഖ പ്രകാരം വരുമാന പരിധി കഴിഞ്ഞ വർഷത്തെപോലെ ഇപ്പോഴും 2.00 ലക്ഷം രൂപയാണ് (പൊതുവിഭാഗത്തിന്). കഴിഞ്ഞവർഷം 3.00 ലക്ഷം രൂപവരെ വരുമാനമുള്ള ആർക്കെങ്കിലും ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ അവർക്കു മാത്രം ഈ വർഷം കൂടി മാത്രം ധനസഹായം നൽകാൻ (പൊതു വിഭാഗം) അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.11 വൃക്കരോഗികൾക്ക് ഡയാലിസിസ്**

**ഡോ.പ്രതിഭ.കെ, മെഡിക്കൽ ഓഫീസ്, താനാളൂർ കുടുംബാരോഗ്യകേന്ദ്രം, മലപ്പുറം 20.10.2022 ൽ തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് നൽകിയ കത്തും ബഹു. കേരള ഹൈക്കോടതി മുമ്പാകെ** WP(C) No.34191/2022 **-ാം നമ്പറായി ഫയൽ ചെയ്ത റിട്ട് പെറ്റീഷനും (SRG 1235//22).**

**വിഷയം:** വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനു നൽകുന്ന ധനസഹായ പദ്ധതിയിൽ മെഡിക്കൽ ഓഫീസർമാരെ ഒഴിവാക്കണമെന്നതു സംബന്ധിച്ച്

രോഗികളെ പരിശോധിച്ച് ചികിത്സ നൽകുവാൻ ഉത്തരവാദിത്വമുള്ള മെഡിക്കൽ ഓഫീസർമാരെ തദ്ദേശഭരണസ്ഥാപനം നടത്തുന്ന പദ്ധതികളിലെ നിർവ്വഹണ ഉദ്യോഗസ്ഥരെന്ന ചുമതലയിൽ നിന്ന് ഒഴിവാക്കണമെന്നാണ് ഡോ.പ്രതിഭ ആവശ്യപ്പെട്ടിരിക്കുന്നത്. ഡയാലിസിസിന് ധനസഹായം നൽകുന്ന വിഷയമാണ് പ്രധാനമായും എടുത്തു പറയുന്നത്. പതിനാലാം പഞ്ചവൽസര പദ്ധതിക്കായുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖയിൽ വൃക്കരോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് പ്രതിമാസം പരമാവധി 4000 രൂപ വീതം നൽകാൻ അനുമതിയുണ്ട്. മുൻവർഷങ്ങളിൽ ആവശ്യപ്പെടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുകളിൽ പറഞ്ഞ രീതിയിൽ ധനസഹായം നൽകാൻ പ്രത്യേക അനുമതി നൽകുകയായിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ലെ യോഗ തീരുമാന പ്രകാരം അതതു തദ്ദേശഭരണ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരെ ഈ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥന്മാരാക്കാവുന്നതാണ് എന്നു വ്യക്തത വരുത്തിയിട്ടുണ്ട്. വൃക്ക സംബന്ധമായ രോഗത്തിന് ഡയാലിസിസ് ചെയ്യുവാൻ അർഹരായ രോഗിയാണോ എന്ന് ചികിത്സാരേഖകൾ പരിശോധിച്ച് സാക്ഷ്യപത്രം അനുവദിക്കുന്ന ഉത്തരവാദിത്വം മെഡിക്കൽ ഓഫീസറെ ഏൽപ്പിക്കാതെ ഭരണസമിതി തീരുമാനിക്കുന്ന ആൾക്കും രോഗി പറയുന്ന സ്ഥാപനത്തിനും മെഡിക്കൽ ഓഫീസർ ഫണ്ട് കൊടുക്കണമെന്ന വ്യവസ്ഥ ചട്ടലംഘനമാണെന്നാണ് അപേക്ഷക കത്തിൽ പറയുന്നത്. ഡയാലിസിസ് ചെയ്യുന്നതിന് പണം വിതരണം ചെയ്യുന്ന ജോലി മാത്രമാണ് ഈ പദ്ധതിയിൽ ഉള്ളതെന്ന് ചൂണ്ടിക്കാണിച്ച് ഈ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതലയിൽ നിന്ന് മെഡിക്കൽ ഓഫീസർമാരെ ഒഴിവാക്കണമെന്നാണ് ബഹു.ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിരിക്കുന്നത്. ഈ വിഷയത്തിന്മേലുള്ള തീരുമാനം സംബന്ധിച്ച്

**തീരുമാനം :-** ഈ വിഷയത്തിന്മേൽ ബഹു തദ്ദേശസ്വയംഭരണ വകുപ്പ് എക്സൈസ് വകുപ്പ് മന്ത്രിയും ബഹു. ആരോഗ്യം - വനിത - ശിശു വികസന വകുപ്പ് മന്ത്രിയും സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പറുമായും (വികേന്ദ്രീകൃതാസൂത്രണം) ചർച്ച ചെയ്യാനും ഇതിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാനും തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്ത യോഗം 01.12.2022 ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കൂടുവാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.00 മണിക്ക് അവസാനിച്ചു.

**അനുബന്ധം**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
4. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5. ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
6. പ്രിൻസിപ്പൽ ഡയറക്ടർ & ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
7. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (പ്രതിനിധി)
8. അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് (പ്രതിനിധി)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
12. മിഷൻ ഡയറക്ടർ, MGNREGS (പ്രതിനിധി)
13. ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
14. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
15. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
16. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
18. മെമ്പർ സെക്രട്ടറി, KSDMA (പ്രതിനിധി)
19. ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ് (പ്രതിനിധി)